# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 18 No. 02 | PUBLISHED FROM DELHI | PRICE Rs. 3/- | FEBRUARY 2014


## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് 20–ാം ജനറൽ കൺവൻഷൻ


പാ. എം. സാമുവൽകുട്ടി


പാ. സുമേഷ് പി. ലാസർ


പാ. രാജു ആനിക്കാട്


പാ. റോയി ഡാനിയേൽ

**അടൂർ:** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ സഭാവിഭാഗമായ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ 20–ാം ജനറൽ കൺവൻഷൻ 2014 ഫെബ്രുവരി 27 മുതൽ മാർച്ച് 2 വരെ അടൂർ നെല്ലിമൂട്ടിൽപടി ലോഗോസ് ആഡിറ്റോറിയത്തിൽ വച്ച് വിവിധ പ്രോഗ്രാമുകളോടെ നടക്കും. 27–ാം തീയതി വ്യാഴാഴ്ച വൈകിട്ട് 7 മണിക്ക് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി കൺവൻഷന്റെ ഉദ്ഘാടനം നിർവ്വഹിക്കും. യോഗങ്ങളിൽ പാസ്റ്റർ സുമേഷ് പി. ലാസർ (തെങ്ങമം), പാസ്റ്റർ രാജു ആനിക്കാട് (മല്ലപ്പള്ളി), പാസ്റ്റർ റോയി ഡാനിയേൽ മാത്യു (ജനറൽ സെക്രട്ടറി, ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ്ഗോഡ്) എന്നീ ദൈവദാസന്മാർ പ്രസംഗിക്കും. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം & ഡൽഹി) ഗാനശുശ്രൂഷ നിർവ്വഹിക്കും.

ഫെബ്രുവരി 27 മുതൽ മാർച്ച് 1 വരെ എല്ലാദിവസവും വൈകിട്ട് 6 മുതൽ 9 വരെ ലോഗോസ് ആഡിറ്റോറിയത്തിൽ വച്ച് പൊതുയോഗം നക്കും. ഫെബ്രുവരി 28 ന് ശുശ്രൂഷക സമ്മേളനം ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് ചാപ്പലിൽ നടക്കും. മാർച്ച് 1 ന് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ആറാമത് ബിരുദദാന സമ്മേളനം അടൂർ മാർത്തോമ്മ യൂത്ത് സെന്ററിൽ വച്ച് നടക്കും. ഡോ. സാം വിക്ലിഫ് (തിരുവനന്തപുരം)മുഖ്യസന്ദേശം നൽകും. ഉച്ചയ്ക്ക് ശേഷം രണ്ടു മണി മുതൽ സഭയുടെ പുത്രികാസംഘടനകളായ സൺഡേസ്കൂൾ, എഫ്. സി.വൈ.എം . എഫ്. സി.ഡബ്ല്യു എ, എഫ്. സി.എം. എഫ് , ഫെയ്ത്ത് ഗോസ്പൽ ടീം എന്നിവയുടെ സംയുക്ത വാർഷിക സമ്മേളനം നടക്കും. മാർച്ച് 2 ഞായറാഴ്ച രാവിലെ 8 മണിക്ക് സ്നാനത്തിനുള്ള ക്ലാസ്, 9 മണിക്ക് സ്നാന ശുശ്രൂഷ, 10 മണിക്ക് ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭകളുടെ സംയുക്ത സഭായോഗം ലോഗോസ് ആഡിറ്റോറിയത്തിൽ വച്ച് നടക്കും. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി കേരളാ റീജൻ കോ–ഓഡിനേറ്റർ പാസ്റ്റർ എബി ജോർജ് ജനറൽ കൺവീനറായുള്ള കമ്മറ്റി പ്രവർത്തിച്ചുവരുന്നു.

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് ബിരുദദാനം


ഡോ. സാം വിക്ലിഫ്

**അടൂർ:** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ പത്തനംതിട്ട ജില്ലയിലെ അടൂരിൽ പ്രവർത്തിക്കുന്ന ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 6–ാമത് ഗ്രാഡുവേഷൻ സർവീസ് 2014 മാർച്ച് ഒന്നിന് രാവിലെ പത്ത് മണിക്ക് അടൂർ മാർത്തോമ്മ യൂത്ത് സെന്റർ ആഡിറ്റോറിയത്തിൽ വച്ച് നടക്കും. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനത്തിൽ ഡോ. സാം വിക്ലിഫ് (തിരുവനന്തപുരം) മുഖ്യസന്ദേശം നൽകും. ബി.റ്റി.എച്ച്, ഡി.റ്റി.എച്ച്, സി.റ്റിഎച്ച് എന്നീ ക്ലാസ്സുകളിൽ നിന്നും ഈ വർഷം പഠനം പൂർത്തീകരിച്ച ഇരുപത്പേർക്ക് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റും ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് ഡയറക്ടറുമായ പാസ്റ്റർ എം. സാമുവൽകുട്ടി സർട്ടിഫിക്കേറ്റുകൾ നൽകും.

2006ൽ വിശ്വാസത്താൽ പ്രവർത്തനം ആരംഭിച്ച ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ നിന്നും അഞ്ചു ബാച്ചുകളിലായി അറുപത്തി മൂന്ന് യുവതിയുവാക്കൾ പഠനം പൂർത്തിയാക്കി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ സുവിശേഷീകരണ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്നു. ഈ വർഷത്തിൽ ബീഹാർ,ജാർഖണ്ഡ്, കേരളം എന്നിവിടങ്ങളിൽ നിന്നുള്ള 70ഓളം വിദ്യാർത്ഥികൾ ഉൾപ്പെടുന്ന ബാച്ച് പഠനം നടത്തുന്നു. ആത്മനിറവും ദൈവിക പരിജ്ഞാനവും ഉള്ള അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. ബാച്ചിലർ ഇൻ തിയോളജി, ബാച്ചിലർ ഇൻ തിയോളജി(എക്സ്റ്റേണൽ),ഡിപ്ലോമ ഇൻ തിയോളജി എന്നീ വിഭാഗങ്ങളിലായി ഇന്റർനാഷണൽ അസോസിയേഷൻ ഫോർ തിയോളജിക്കൽ അക്രെഡിറ്റേഷന്റെ (IATA) അംഗീകാര

(ശേഷം രണ്ടാം പേജിൽ)

## ഫെയ്ത്ത് ഗോസ്പൽ ടീമിന് യൂണിഫോം വിതരണം ചെയ്തു

**അടൂർ:** കഴിഞ്ഞ ഒരു വർഷത്തിനകം കേരളത്തിലെ നാലു ജില്ലകളിലെ അനേക തെരുവുകളിൽ സുവിശേഷം പങ്കുവെയ്ക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യത്തിലാണ് ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ചിന്റെ സുവിശേഷീകരണ വിഭാഗമായ ഫെയ്ത്ത് ഗോസ്പൽ ടീം. 2013 മാർച്ച് 10–ാം തീയതി മുതൽ കഴിവതും എല്ലാ ഞായറാഴ്ചകളിലും മുടങ്ങാതെ ഇരുപത്തിയഞ്ചോളം ചെറുപ്പക്കാർ പരസ്യയോഗങ്ങളിലൂടെ രക്ഷ്യണ്യ സുവിശേഷത്തെ മറ്റുള്ളവരിലേക്ക് പകർന്നു കൊടുക്കുന്നു. പരമ്പരാഗതവും പുരോഗമനപരവുമായ ശൈലികളും മതബഹുല ഭാരത പശ്ചാത്തലവും ഉൾക്കൊണ്ട് ഏറ്റവും അധികം ആളുകളിൽ സുവിശേഷം എത്തിക്കുകയാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. ഗാനശുശ്രൂഷയിലൂടെയും സുവിശേഷപ്രസംഗത്തിലൂടെയും ജീവകാരുണ്യ പ്രവർത്തനങ്ങൾ, മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവർക്ക്വേണ്ടിയുള്ള ബോധവൽക്കരണ പരിപാടികൾ എന്നിവയിലൂടെയും ക്രിസ്തീയ സന്ദേശം ജനമനസ്സുകളിൽ എത്തിക്കുവാൻ ഫെയ്ത്ത് ഗോസ്പൽ ടീം പ്രതിജ്ഞാബദ്ധരാണ്. സാമൂഹികമായ പല പ്രവർത്തനങ്ങളും ടീം ലക്ഷ്യം വയ്ക്കുന്നു. ഏകദേശം 260ഓളം പരസ്യയോഗങ്ങൾ ഇതുവരെ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. സുവിശേഷകരായ ജോൺസൺ ഡാനിയേൽ, എഡ്വിൻ തങ്കച്ചൻ, തങ്കച്ചൻ ഡേവിഡ്, പാസ്റ്റർ മനോജ് തമ്പി, പാസ്റ്റർ സുമേഷ് പി ലാസർ, പാസ്റ്റർ വിനോദ്, പാസ്റ്റർ ബോബി പി ജോൺ എന്നിവർ മുൻനിരയിൽ നിന്ന് നേതൃത്വം നൽകുന്നു. ഈ പ്രവർത്തനങ്ങൾക്ക് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റായ പാസ്റ്റർ എം.സാമുവൽകുട്ടി അവറുകളുടെ എല്ലാവിധ കൈതാങ്ങലുകളുമുണ്ട്. 2014 ജനുവരി മാസം 14–ാം തീയതി മുണ്ടപ്പള്ളി ഫെയ്ത്ത് വില്ലയിൽ നടന്ന പ്രത്യേക യോഗത്തിൽ വച്ച് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം.സാമുവൽകുട്ടി ഈ സുവിശേഷ ടീമിന് യൂണിഫോം വിതരണം ചെയ്തു. പാസ്റ്റർ ഡി.ജോൺ, പാസ്റ്റർ ജോൺ സാമുവൽ മണക്കാല എന്നിവർ ആശംസ അറിയിച്ചു. ഓട്ടോറിക്ഷയിലും ബൈക്കുകളിലുമായി പോയി പ്രവർത്തിക്കുന്ന ടീമിന് ഒരു വാഹനം ആവശ്യമായിരിക്കുന്നു. ഈ വിഷയത്തെ ഓർത്ത് പ്രിയ വായനക്കാരുടെ പ്രാർത്ഥനയെ ക്ഷണിച്ചുകൊള്ളുന്നു.


കോന്നി പൂങ്കാവിൽ നടന്ന ഫെയ്ത്ത് ഗോസ്പൽ ടീമിന്റെ ഒരു പരസ്യയോഗത്തിന്റെ ദൃശ്യം

## കർത്താവിന്റെ ദീർഘക്ഷമ പ്രാപിക്കുക

### പാസ്റ്റർ എം. സാമുവൽകുട്ടി

**അടൂർ:–** ദൈവജനത്തിന് ഈ നാളുകളിൽ ആവശ്യമായിരിക്കുന്നത് കർത്താവിന്റെ ദീർഘക്ഷമയാണെന്ന് പാസ്റ്റർ എം. സാമുവൽകുട്ടി. 2014 ജനുവരി 11 ശനിയാഴ്ച നെല്ലിമുകൾ ഫെയ്ത്ത് ഫെലോഷിപ്പ് സഭയിൽ വെച്ച് നടന്ന മാസയോഗത്തിൽ 2പത്രൊസ് 3:8–9 വാക്യങ്ങളെ ആസ്പദമാക്കി മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. അനേക പരിഹാസികൾ ദൈവനാമത്തെ ദുഷിക്കാനായി എഴുന്നേൽക്കുന്ന കാലഘട്ട

(ശേഷം രണ്ടാം പേജിൽ)



കേരളാ റീജൻ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് മാസയോഗത്തിൽ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി വചന ശുശ്രൂഷ നിർവ്വഹിക്കുന്നു വേദിയിൽ റീജനിലെ ദൈവദാസന്മാർ


**_ഉൾപേജുകളിൽ..._**

ഹൃദയം തണുപ്പിക്കുന്നവരാകുക : പാസ്റ്റർ എം. സാമുവൽകുട്ടി (ഡൽഹി)

കൃപായുഗ പിറവി : പാസ്റ്റർ മനോജ് തമ്പി (അടൂർ)

ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവമൂല്യങ്ങൾക്കുള്ള പ്രസക്തി : ഷിബു തമ്പി (ഡൽഹി)

ദേശീയ പ്രതിജ്ഞയുടെ രചയിതാവ് : ഇവാ. ജോൺ സാമുവൽ(മണക്കാല)

പത്രാധിപ ലേഖനം.......

# ഹൃദയം തണുപ്പിക്കുന്നവരാകുക



പുതിയ നിയമത്തിലെ പതിനെട്ടാമത്തെ പുസ്തകമായ ഫിലേമോന് എഴുതിയ ലേഖനം വളരെ അതുല്യമാണ്. കാരണം മറ്റനേകം സ്വകാര്യകത്തുകൾ പൗലൊസ് എഴുതിയിട്ടുണ്ട് എന്നത് സംശയാതീതമാണെങ്കിലും അതിൽ *ഫിലേമോൻ* മാത്രമാണ് അവശേഷിച്ചത്. ക്രിസ്തീയ സ്നേഹത്തിനും ക്ഷമയ്ക്കും ഈ പുസ്തകം പ്രാമുഖ്യം നൽകിയിരിക്കുന്നു. യജമാനന്റെ ഭവനത്തിൽ നിന്നും മോഷണം നടത്തി ഒളിച്ചോടിപ്പോയ ഒരു ദാസനെ നേടിയതും ആ യജമാനന്റെ ഹൃദയത്തിന് വ്യതിയാനം വരുത്തിയതുമായ സുവിശേഷത്തിന്റെ ശക്തിയെ പ്രകടമാക്കുന്നതാണീ ലേഖനം. ഇവിടെ പൗലൊസ് കൊലൊസ്യസഭയിലെ വളരെ ശ്രദ്ധേയനായ അംഗം ഫിലേമോൻ എന്ന യജമാനനെയും അവന്റെ അടുക്കൽ നിന്ന് റോമിലേക്ക് ഓടിപ്പോയ ഒനേസിമോസ് എന്ന അടിമയെയും നമുക്ക് പരിചയപ്പെടുത്തുന്നു. റോമിൽ വച്ച് പൗലൊസിനെ കണ്ടുമുട്ടിയ ഒനേസിമോസ് യേശുക്രിസ്തുവിനെ തന്റെ രക്ഷിതാവായി സ്വീകരിച്ച് വളരെ ശക്തനായ ക്രിസ്തീയ വിശ്വാസിയായി മാറി. തന്റെ സമർപ്പിക്കപ്പെട്ട സേവനത്തിലൂടെ ഒനേസിമോസ് പൗലൊസിന്റെ സ്നേഹഭാജനമായി. നിയമപരമായി ഫിലേമോന്റെ ദാസനെ തന്നോടുകൂടെ നിറുത്തുവാൻ കഴിയില്ല എന്നറിയാവുന്ന പൗലൊസ് അവൻ വരുത്തിവച്ച കടങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും അവനെ തിരികെയെടുക്കണമെന്ന് ഫിലേമോനോട് അപേക്ഷിക്കുകയും ചെയ്യുന്നു. റോമൻ നിയമപ്രകാരം ഒളിച്ചോടിയ മോഷ്ടാവായ അടിമയ്ക്ക് ലഭിക്കുന്ന അതികഠിനവും മൃഗീയവുമായ ശിക്ഷയിൽ നിന്ന് അവനെ ഒഴിവാക്കുവാനും പൗലൊസ് ആഗ്രഹിച്ചിരുന്നു. അപ്പൊസ്തലാധികാരം പ്രയോഗിച്ച് ഫിലേമോനോട് ആജ്ഞാപിക്കുവാൻ പൗലൊസിന് കഴിയുമായിരുന്നെങ്കിലും ക്രിസ്തീയ സ്നേഹത്തിൽ അഭ്യർത്ഥിക്കുവാനാണ് അദ്ദേഹം താത്പര്യപ്പെട്ടത്. ഒനേസിമൊസ് എന്ന പേരിന്റെ അർത്ഥം ലാഭമുണ്ടാക്കുന്നവൻ എന്നും ഫിലേമോൻ എന്നതിന് വാത്സല്യമുള്ളവൻ അഥവാ കരുണ കാണിക്കുന്നവൻ എന്നുമാണ്.

ഈ ലേഖനത്തിൽ പൗലൊസ് അടിമത്വത്തെക്കുറിച്ച് ഒരു പ്രതികൂലാഭിപ്രായവും പറയുന്നില്ല എന്നത് പലരെയും അതിശയിപ്പിക്കുന്നതാണ്. ഒനേസിമോസ് എന്ന അടിമയെ സ്വതന്ത്രനാക്കണമെന്നു പറയാതെ അവനെ തിരികെയെടുക്കണമെന്നു മാത്രമാണ് അപേക്ഷിക്കുന്നത്. അടിമത്വത്തെ വിമർശിക്കുവാൻ അവസരം ലഭിച്ചിട്ടും അത് പ്രയോജനപ്പെടുത്താത്ത പൗലൊസിനെ വിമർശിക്കുന്ന ആധുനിക വേദപണ്ഡിതരുണ്ട്. എന്നാൽ പൗലൊസിന്റെ മൗനത്തിനു കാരണമുണ്ടെന്നത് നാം മനസിലാക്കണം. പ്രാചീനലോകത്തിന്റെ അവിഭാജ്യഘടകമായിരുന്നു അടിമത്വം. സമസ്തസമൂഹവും അതിൻമേലാണ് പടുത്തുയർത്തപ്പെട്ടത്. ആ കാലഘട്ടത്തിൽ അടിമത്വരഹിത സമൂഹം എന്ന് ചിന്തിക്കുക എന്നത് അസാദ്ധ്യമായിരുന്നു. അതിനാലായിരിക്കാം ഒരു പക്ഷേ പൗലൊസ് അടിമത്വം എന്ന ഏർപ്പാടിനെ എതിർക്കാതിരുന്നത് എന്ന് നമുക്ക് അനുമാനിക്കാം. അതല്ലാതെ, ക്രിസ്ത്യാനിത്വം അടിമകളെ അവരുടെ യജമാനന്മാർക്കെതിരെ പ്രക്ഷോഭം നടത്തുവാനും അടിമത്വം വിട്ടുപോകുവാനും പ്രേരണ നൽകിയിരുന്നുവെങ്കിൽ ദുരന്തങ്ങളല്ലാതെ ഒന്നും സംഭവിക്കുകയില്ലായിരുന്നു; അങ്ങനെയുള്ള ഏതു വിപ്ലവവും നിഷ്ഠൂരമായി അടിച്ചമർത്തപ്പെടുമായിരുന്നു; സ്വാതന്ത്ര്യം നേടുന്ന അടിമകൾ ദയയില്ലാതെ ശിക്ഷിക്കപ്പെടുമായിരുന്നു; മാത്രമല്ല, വിപ്ലവാത്മകമെന്നും വിധ്വംസകമെന്നും ക്രിസ്ത്യാനിത്വം മുദ്രകുത്തപ്പെടുമായിരുന്നു. ക്രിസ്തീയ വിശ്വാസം പകർന്നു നൽകുക; അടിമത്വവിമോചനം അതിന്റെ സമയമാകുമ്പോൾ സംഭവിക്കുമെന്ന് പൗലൊസ് വിശ്വസിച്ചു. ചില കാര്യങ്ങൾ പെട്ടന്ന് നേടിയെടുക്കുവാൻ സാധിക്കുകയില്ല, അതിനുവേണ്ടി ക്ഷമയോടെ കാത്തിരിക്കണം.

ബാഹ്യമായ എല്ലാ വൈജാത്യങ്ങൾക്കും വിരാമമിട്ടുകൊണ്ട് മനുഷ്യർ തമ്മിൽ ഒരു പുതിയ ബന്ധത്തെ സ്ഥാപിക്കുകയാണ് ക്രിസ്ത്യാനിത്വം ചെയ്തത്. ദൈവമക്കളിൽ യഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നില്ല, എല്ലാവരും ക്രിസ്തുവേശുവിൽ ഒന്നത്രെ(ഗലാത്യർ 3:28). ഫിലേമോന്റെ അടുക്കൽ നിന്നും ഓടിപ്പോകുമ്പോൾ ഒനേസിമോസ് അടിമയായിരുന്നു. എന്നാൽ അവൻ മടങ്ങിവന്നപ്പോൾ ക്രിസ്തുവിൽ വളരെ പ്രയോജനമുള്ള ഒരു സഹോദരനായി മാറ്റപ്പെട്ടു. ഇങ്ങനെയൊരു ബന്ധം ജീവിതത്തിലേക്ക് കടന്നുവരുമ്പോൾ സാമൂഹിക തരംതിരിവിനോ ജാതിക്കോ അവിടെ സ്ഥാനമില്ലാതാകുന്നു. യജമാനൻ, ദാസൻ എന്നുള്ള പേരുകൾ അപ്രസക്തമാകുന്നു. ക്രിസ്തു എങ്ങനെ പെരുമാറുന്നുവോ അതുപോലെ യജമാനൻ തന്റെ ദാസനോട് പെരുമാറുകയും താൻ എപ്രകാരം ക്രിസ്തുവിനെ സേവിക്കുന്നുവോ അപ്രകാരം ദാസൻ യജമാനനെ സേവിക്കുകയും ചെയ്താൽ യഥാർത്ഥ ക്രിസ്തുസ്നേഹം അവിടെ പ്രകടമാകുന്നു. അവർ രണ്ടുപേരും ക്രിസ്തുവിലായതിനാൽ മാനുഷിക വേർതിരിവ് അവിടെയില്ല. തന്റെ ലേഖനങ്ങളിൽ രണ്ടിടങ്ങളിൽ പൗലൊസ് ദാസന്റെയും യജമാനന്റെയും കടമകളെ പറ്റി രേഖപ്പെടുത്തിയിരിക്കുന്നു(എഫെസ്യർ 6:5-9; കൊലൊസ്യർ 3:22-4:1). ഇവ രണ്ടും പൗലൊസ് രേഖപ്പെടുത്തിയത് താൻ കാരാഗൃഹവാസത്തിലായിരുന്നപ്പോഴാണ്, മിക്കവാറും ഒനേസിമോസ് തന്നോടുകൂടെ ഉണ്ടായിരുന്നപ്പോൾ.

ഈ സംഭവത്തിനുശേഷം അമ്പതു വർഷത്തിനുള്ളിലെ ചരിത്രം പരിശോധിച്ചാൽ ഉന്നതരായ ക്രിസ്തീയ രക്തസാക്ഷികളിലൊരുവനായ ഇഗ്നേഷ്യസിനെ അന്ത്യോക്യയിൽ നിന്നും റോമിലേക്ക് വധിക്കുവാനായി കൊണ്ടുപോയപ്പോൾ അദ്ദേഹം ഏഷ്യാമൈനറിലെ സഭകൾക്ക് എഴുതിയ കത്തുകൾ ഇന്നും അവശേഷിക്കുന്നു. അതിൽ എഫസോസിലെ സഭയ്ക്ക് എഴുതിയ കത്തിൽ ആ സഭയുടെ ശ്രേഷ്ഠനായ അദ്ധ്യക്ഷനെക്കുറിച്ച് ഒട്ടനവധി കാര്യങ്ങൾ അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. ആ അദ്ധ്യക്ഷന്റെ പേരെന്താണെന്ന് അറിയേണ്ടേ? ഒനേസിമോസ്. പൗലൊസ് ഒനേസിമോസിനെക്കുറിച്ച് പറഞ്ഞിട്ടുള്ള അതേ ശ്ലേഷോക്തി തന്ന ഇഗ്നേഷ്യസും എടുത്തുപറഞ്ഞിരിക്കുന്നു, അവന്റെ പേരിന്റെ അർത്ഥം പോലെതന്നെ ക്രിസ്തുവിനുവേണ്ടി ലാഭമുണ്ടാക്കുന്നവൻ തന്നെയെന്ന്. ഒളിച്ചോടിയ അടിമ കാലപ്പഴക്കത്തിൽ എഫസോസ് സഭയുടെ അദ്ധ്യക്ഷനായി തീരുക എന്നത് അത്ഭുതാവഹം തന്നെ! അതാണ് സുവിശേഷത്തിന്റെ ശക്തി.

മറ്റൊരു നിലയിൽ ചിന്തിച്ചാൽ, എന്തുകൊണ്ട് ഫിലേമോനുള്ള ഈ കത്തിന്റെ കടലാസ് പാളി മാത്രം അവശേഷിച്ചു? പൗലൊസിന്റെ ലേഖനങ്ങളോടൊപ്പം എങ്ങനെ ഇതും പുതിയ നിയമത്തിൽ സ്ഥാനം പിടിച്ചു? ഈ കത്തിൽ ഉപദേശസംബന്ധമായ ഒരു പരാമർശവുമില്ല. ഒരു ദുരൂപദേശത്തേയും ഇത് ഖണ്ഡിക്കുന്നില്ല. പൗലൊസിന്റെ ലേഖനങ്ങൾ ആദ്യം സമാഹരിക്കപ്പെട്ടത് എഫസോസിൽ ആയിരുന്നുവെന്നത് വ്യക്തമാണ്. ആ സമയത്ത് അവിടുത്തെ സഭയുടെ അദ്ധ്യക്ഷനായിരുന്നു ഒനേസിമോസ്. അപ്പോൾ സ്വാഭാവികമായും നമുക്ക് അനുമാനിക്കാം, ജീവിതത്തിൽ താൻ അനുഭവിച്ച ദൈവകൃപയുടെ മഹത്വം എത്ര വലുതെന്ന് എല്ലാവരും അറിയേണ്ടതിന് ഒനേസിമോസ് തന്നെയാണ് ഈ സ്വകാര്യഹ്രസ്വലേഖനം സമാഹാരത്തിൽ ഉൾപ്പെടുത്താൻ നിർബന്ധിച്ചത്. ഇതിലൂടെ മഹാനായ ആ സഭാമേധാവി ലോകത്തോട് പറയുന്നത്, ഒരിക്കൽ ഒളിച്ചോടിയ അടിമയായിരുന്ന തന്റെ ജീവിതം പൗലൊസിനോടും യേശുക്രിസ്തുവിനോടും കടപ്പെട്ടിരിക്കുന്നുവെന്നാണ്.

ഫിലേമോന്റെ ലേഖനം നമുക്ക് തരുന്ന പാഠങ്ങൾ നാം ഗ്രഹിക്കേണ്ടിയിരിക്കുന്നു. മറ്റുള്ളവരോട് ക്ഷമിക്കുവാനും അവരെ അംഗീകരിക്കുവാനും ഒരു വിശ്വാസിക്ക് സാദ്ധ്യമാകണം. കാരണം, ക്രിസ്തു അവരെ അംഗീകരിക്കുകയും അവരോട് ക്ഷമിക്കുകയും ചെയ്തിരിക്കുന്നു. വിശ്വാസികൾ അവരുടെ വിശ്വാസത്തെ പങ്കുവെയ്ക്കുവാൻ ഉത്സുകരായിരിക്കണം, സ്നേഹത്തിലൂടെ പരസ്പരം പ്രോത്സാഹിപ്പിക്കുകയും ചൈതന്യപ്പെടുത്തുകയും ചെയ്യണം. നാം പരസ്പരം ആജ്ഞാപിക്കേണ്ടവരല്ല, മറിച്ച് സ്നേഹത്തിലൂന്നി അപേക്ഷിക്കുകയാണ് വേണ്ടത്. വിശ്വാസികൾ എല്ലാവരും കർത്താവിൽ പ്രീയ സഹോദരങ്ങളാണ്, എല്ലാവരും സഹോദരങ്ങളെപ്പോലെ സ്വീകരിക്കപ്പെടേണം. വിശ്വാസി മറ്റുള്ളവർക്ക് വേണ്ടി പരിത്യാഗം ചെയ്യുവാൻ തയ്യാറാകണം.

പൗലൊസിന്റെ അഭ്യർത്ഥനയെ മാനിച്ച് ഒന്നേസിമോസിനോട് ക്ഷമിച്ച് അവനെ ക്രിസ്തുവിൽ ഒരു സഹോദരൻ ആയി അംഗീകരിച്ച് ഫിലേമോൻ പൗലൊസിന്റെ ഹൃദയത്തെ തണുപ്പിച്ചു. ആ തീരുമാനമാണ് റോമാകാരാഗൃഹത്തിൽ കഠിനശിക്ഷയ്ക്ക് വിധേയനായി മരിക്കേണ്ടിയിരുന്ന ഒനേസിമോസിനെ കർത്താവിന് വളരെ പ്രയോജനമുള്ളവനാക്കി മാറ്റിയത്. സുഹൃത്തേ... നമുക്കും ഹൃദയം തണുപ്പിക്കുന്നവരാകാം.

***- പാസ്റ്റർ എം. സാമുവൽകുട്ടി***

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് ബിരുദദാനം

(ഒന്നാം പേജിൽ നിന്നും തുടർച്ച)

ത്തോടെ നടക്കുന്ന കോഴ്സുകളിലേക്ക് പരിമിതമായ സീറ്റുകൾ ലഭ്യമാണ്. റെഗുലർ കോഴ്സിൽ പഠിക്കുവാൻ കഴിയാത്തവരും സുവിശേഷവേലയിൽ താല്പര്യവും ദർശനവുമുള്ള ഉദ്യോഗസ്ഥർക്കും കുടുംബസ്ഥർക്കും വേണ്ടി സായാഹ്ന കോഴ്സ് 6 മണി മുതൽ 8 മണി വരെ (തിങ്കൾ-ബുധൻ) നടത്തപ്പെടുന്നു. പുതിയ വർഷത്തെ ക്ലാസ്സുകൾ 2014 ജൂൺ ആദ്യവാരത്തിൽ ആരംഭിക്കും.

## കർത്താവിന്റെ ദീർഘക്ഷമ പ്രാപിക്കുക....

(ഒന്നാം പേജിൽ നിന്നും തുടർച്ച)

മാണ് ഇത്. കർത്താവിന്റെ വാഗ്ദത്തത്തിന്റെ നിവൃത്തി എവിടെ എന്ന് ചോദിച്ച് പരിഹാസികൾ പരിഹസിക്കുന്നു. എന്നാൽ കർത്താവ് തന്റെ വരവിന്റെ ഒരുക്കങ്ങൾ പൂർത്തീകരിക്കുന്നു എന്ന യാഥാർത്ഥ്യം ദൈവജനം മറന്നുപോകരുത്. പ്രപഞ്ചത്തോടും, മനുഷ്യനോടും, പ്രകൃതിശക്തികളോടും, പിശാചിനോടും ബന്ധപ്പെട്ടതാണ് കർത്താവിന്റെ വരവ്. അതുകൊണ്ട് ഇവയെല്ലാം കർത്താവ് ക്രമീകരിക്കുമ്പോൾ തന്നെ എല്ലാവരും എല്ലായിടത്തും മാനസാന്തരപ്പെടേണമെന്നും ദൈവം ഇച്ഛിച്ച് ദീർഘക്ഷമയോടെ ഇരിക്കുന്നു. പഴയനിയമത്തിലും പുതിയ നിയമത്തിലും ഒരുപോലെ ദൈവത്തിന്റെ ദീർഘക്ഷമ പരാമർശിക്കപ്പെടുന്നു എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. പാസ്റ്റർ ബെൻസി ജോർജ്ജ് 65-ാം സങ്കീർത്തനത്തിൽ നിന്നും പ്രബോധനം നടത്തി. പാസ്റ്റർ സുമേഷ് പി. ലാസർ അദ്ധ്യക്ഷനായിരുന്ന മീറ്റിംഗിൽ പാസ്റ്റർ എം. സാമുവൽകുട്ടി കർത്തൃമേശാ ശുശ്രൂഷ നിർവ്വഹിച്ചു. എല്ലാ ലോക്കൽ സഭകളിൽനിന്നും കർത്തൃദാസന്മാരും വിശ്വാസികളും സംബന്ധിച്ചു.

## വിശ്വാസി മാസിക സ്റ്റാൾ

ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷനോടനുബന്ധിച്ച് ***വിശ്വാസി*** മാസികയുടെ പ്രത്യേക സ്റ്റാൾ പ്രവർത്തിക്കുന്നതായിരിക്കും. വിശ്വാസി പബ്ളിക്കേഷൻസ് പുറത്തിറക്കിയിട്ടുള്ള വിശ്വാസ ഗീതങ്ങൾ (പാട്ടുപുസ്തകം), വിശ്വാസ സംവാദങ്ങൾ, ഡയലോഗ്സ് ഇൻ ഫെയ്ത്ത് തുടങ്ങിയ പുസ്തകങ്ങളും ന്യൂ ലൈഫ് മീഡിയ പുറത്തിറക്കിയ 7 സി.ഡി.കളിലെ പാട്ടുകൾ സമാഹരിച്ച സ്നേഹനിധി എന്ന എം.പി.-3 യും സ്റ്റാളിൽ ലഭിക്കും.

## വിവാഹിതരായി

കൊടുമൺ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് സഭാംഗവും കൊടുമൺ ഉടയാൻ മുരുപ്പിൽ കിഴക്കേതിൽ ബ്രദർ കെ. ജോയിയുടെയും സിസ്റ്റർ ശാന്തമ്മ ജോയിയുടെയും മകൻ മണിമോൻ ജോയിയും മണ്ണാറുകുളഞ്ഞി ചർച്ച് ഓഫ് ഗോഡ് സഭാംഗവും മൈലപ്രചീങ്കൽത്തടം കൊല്ലറുകുളത്തിൽ വീട്ടിൽ ബ്രദർ കെ.ജി. വർഗ്ഗീസിന്റെയും സിസ്റ്റർ വൽസമ്മ വർഗ്ഗീസിന്റെയും മകൾ മഞ്ജുവും തമ്മിലുള്ള വിവാഹം 2014 ജനുവരി 9ന് കൊടുമൺ സഹിയോൻ മാർത്തോമ്മ ആഡിറ്റോറിയത്തിൽ വച്ച് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടിയുടെ കാർമികത്വത്തിൽ നടന്നു. നവദമ്പതികൾക്ക് ***വിശ്വാസി*** മാസികാപ്രവർത്തകരുടെ ആശംസകൾ.




**വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

***-പത്രാധിപർ***


**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : ***വിശ്വാസി*** ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# കൃപായുഗ പിറവി



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

നിഷ്പാപയുഗത്തിലെ നിഷ്കളങ്കഭൂമിയായിരുന്നു ഏദെൻതോട്ടം. പുഷ്പങ്ങളും, ശലഭങ്ങളും നാനാതരത്തിലുള്ള ജന്തുജാലങ്ങളും ആയാസരഹിതമായി കളിയാടിയിരുന്ന ദൈവത്തിന്റെ സുന്ദരമായ ഉദ്യാനം. ആ ആരാമത്തിന് അലങ്കാരമായി അദൃശ്യനായ ദൈവത്തിന്റെ കരാംഗുലികളിൽ മനുഷ്യൻ എന്ന സൃഷ്ടികളുടെ മണിമകുടം ഒരുക്കപ്പെട്ടു. സർപ്പത്തിന്റെ സംസാരകൗശലത്താൽ വശീകരിക്കപ്പെട്ട ആദിമദമ്പതികൾ ദൈവകൽപനയെ വിസ്മരിച്ചപ്പോൾ ആദാമ്യപാപം എന്ന പ്രയോഗത്തിന് ആരംഭം കുറിച്ചു. വർണ്ണാഭവും, ഫലഭൂയിഷ്ടവുമായിരുന്ന ഏദെനിൽ നിന്നും മനുഷ്യൻ പുറത്താക്കപ്പെട്ടു. ഇതരസൃഷ്ടികളിൽ നിന്നുംവ്യത്യസ്തമായി പ്രപഞ്ച പുരോഗതിക്ക് നേതാവായി തിരഞ്ഞെടുപ്പെട്ട മനുഷ്യൻ നഷ്ടബോധത്തിന്റെ കാണാക്കയങ്ങളിലേക്ക് താണുപോയി.

പഞ്ചേന്ദ്രിയങ്ങളുടെ ദുരുപയോഗം, സംശയം, സുന്ദരമായത് കൈക്കലാക്കുവാനുള്ള വെമ്പൽ, രുചികരമായതിനോടുള്ള അമിതാവേശം എന്നിവയായിരുന്നു പറുദീസാ നഷ്ടത്തിന് കാരണം. പാപം മുഖാന്തിരം വാസസ്ഥലം(ഏദെൻതോട്ടം) പദവി ദൈവത്തിന്റെ മകൻ ആത്മബന്ധം(ദൈവീക കൂട്ടായ്മ) എന്നിവ നഷ്ടമായി. അനന്തരഫലമായി ദൈവത്തിൽ നിന്നുള്ള ഒളിച്ചോട്ടം, നഗ്നതമറയ്ക്കുവാനുള്ള വിഫലശ്രമം, പരസ്പരമുള്ള പഴിചാരൽ എന്നിവ സംഭവിച്ചു. ഈ സാഹചര്യത്തിൽ ദൈവം മനുഷ്യനെ ഏദെനിൽ നിന്നും പുറത്താക്കി. പുറത്താക്കപ്പെട്ട മനുഷ്യജീവിതം ദുഃസ്സഹവും, ദുഃഖകരവും, അസാധ്യവുമായി മാറി. ഇവിടെ മനുഷ്യൻ ദൈവത്തെ അന്വേഷിക്കുവാൻ ആരംഭിച്ചു. ഇങ്ങനെയുള്ള അന്വേഷണങ്ങൾ ഭക്തിമാർഗ്ഗങ്ങളായും, തത്വചിന്തകളായും, യാഗകർമ്മാദികളായും, തീർത്ഥാടനങ്ങളായും മതങ്ങളായും രൂപപ്പെട്ടു. ചിലരാകട്ടെ നിരീശ്വരവാദം, പരിണാമവാദം, ബഹുദൈവവാദം, ദിത്വവാദം എന്നിവയുടെ അനുയായികളായും തീർന്നു.

മനുഷ്യൻ ദൈവത്തെ അന്വേഷിക്കുന്നതിന് മുമ്പ് ദൈവം മനുഷ്യനെ അന്വേഷിക്കുന്നതായി ബൈബിൾ പഠിപ്പിക്കുന്നു (ഉൽപ്പത്തി3:9,10). കൽപ്പലകയിൽ ലിഖിതം ചെയ്ത കൽപ്പനയിൽ (ന്യായപ്രമാണം) ദൈവീക ഉദ്ദേശ്യം (God’s plan) പ്രതിഫലിക്കുന്നു; ഞാനല്ലാതെ അന്യദൈവം നിനക്ക് ഉണ്ടാകരുത്. പഴയനിയമത്തിലെ 39 ഗ്രന്ഥങ്ങളുടെ അപഗ്രന്ഥനത്തിൽ തെളിഞ്ഞ് വരുന്ന ഒരു സമൂഹമുണ്ട് അതാണ് യെഹൂദൻ. സാമ്രാജ്യത്വശക്തികളുടെ കളിപ്പാവയെന്ന് ചരിത്രം വിശേഷിപ്പിക്കുന്ന യെഹൂദാസമൂഹം സ്വാതന്ത്ര്യത്തിന്റെ സമതലങ്ങൾ തേടി യാത്ര ആരംഭിച്ചു. ഈജിപ്ത്, ബാബിലോൺ, യവനായ സാമ്രാജ്യം തുടങ്ങി പ്രമുഖ സാമ്രാജ്യങ്ങളിൽ പ്രവാസികളായിരുന്ന അവർ ന്യായപ്രമാണത്തിന്റെ വാഗ്ദത്തമായ മശിഹായെ പ്രതീക്ഷിച്ചുകൊണ്ട് ജീവിതം തുടർന്നു. അതിജീവനപാതയിലേക്ക് പാദമൂന്നിയ ആ സമൂഹത്തെ ജീവിത സമ്മർദ്ദങ്ങൾ ഭീതിയുടെ നിഴലിലാഴ്ത്തി. എങ്കിലും ചരിത്രത്തിലെ 400 വർഷത്തെ നിശബ്ദതയെ (Dark age) ഭേദിച്ച് കൊണ്ട് ദൂതന്മാരുടെ സന്ദർശനങ്ങൾ യെഹുദാ കുടുംബങ്ങളിൽ ഉളവായി.

> യുഗങ്ങളായി ലോകം കാത്തിരുന്ന ആ സദ്വാർത്തക്ക് ചെറുഗ്രാമമായ ബേദ്ലഹേം സാക്ഷിയായി. മാലോകരെ മുഴുവൻ ആനന്ദ സുന്ദര നിമിഷത്തിലേക്ക് കരംപിടിച്ചുയർത്തിയ ആ സുവിശേഷ സന്ദേശം നൂറ്റാണ്ടുകളായി മുഴങ്ങികൊണ്ടിരിക്കുന്നു; ദൂതസംഗീതമായി അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം. അതെ യേശുവിന്റെ ജനനം കൃപായുഗ പിറവിയായിരുന്നു

ദൈവത്തിന്റെ സ്വന്തം ജനമായ യെഹൂദന് മുമ്പിൽ പുതുയുഗ വാതായനങ്ങൾ യാന്ത്രികമായി തുറക്കപ്പെട്ടു. യുഗങ്ങൾക്കപ്പുറം ഉറങ്ങിക്കിടന്ന പിതൃസ്മരണകൾ പുതുതലമുറയുടെ സിരകളിലൂടെ ഗതിവേഗം പ്രാപിച്ചു. പ്രവചനധാരയെ കൊണ്ട് പ്രവാഹം സൃഷ്ടിച്ച പ്രവാചകന്മാരുടെ പ്രബോധനങ്ങൾക്ക് പ്രസക്തിയേറി. തിരികല്ലിലമർന്ന ധാന്യമണികളെപ്പോലെ യെഹൂദൻ വർദ്ധനവിന്റെ പരകോടിയിലെത്തി. പാലസ്തീനിലെ നാട്ടിൻ പുറങ്ങളിൽ സാർവ്വത്രികസമാധാനനിയമം (Pax Romana) പ്രഖ്യാപിക്കപ്പെട്ടു. ഗ്രാമാന്തരമാർഗ്ഗങ്ങൾ സഞ്ചാരയോഗ്യമാക്കപ്പെട്ടു ഉരുക്ക് സാമ്രാജ്യമായ റോമൻ ഭരണകൂടം ദൈവീക പദ്ധതിക്ക് മുമ്പിൽ ശിരസ്സ് നമിച്ചു. അതിനെക്കുറിച്ച് യോഹന്നാൻസ്നാപകൻ പറഞ്ഞു കാലംതികഞ്ഞു(മർക്കൊ. 1:15), വീണ്ടും പൌലോസ് പറഞ്ഞു കാലസമ്പൂർണ്ണത വന്നപ്പോൾ .... (ഗലാ. 4:4). കിഴക്കു നിന്നു വന്ന വിദ്വാന്മാർ ചോദിച്ചു യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ?(മത്താ. 2:2). യുഗങ്ങളായി ലോകം കാത്തിരുന്ന ആ സദ്വാർത്തക്ക് ചെറുഗ്രാമമായ ബേദ്ലഹേം സാക്ഷിയായി. ലോകരക്ഷകൻ ഭൂജാതനായി മാലോകരെ മുഴുവൻ ആനന്ദ സുന്ദര നിമിഷത്തിലേക്ക് കരം പിടിച്ചുയർത്തിയ ആ സുവിശേഷ സന്ദേശം നൂറ്റാണ്ടുകളായി മുഴങ്ങികൊണ്ടിരിക്കുന്നു; ദൂതസംഗീതമായി അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം . അതെ പ്രിയമുള്ളവരെ യേശുവിന്റെ ജനനം കൃപായുഗ പിറവിയായിരുന്നു. ഇന്നും സംസാരിക്കുന്ന സുവിശേഷമായി അത് ഹൃദയങ്ങളെ കീഴടക്കി ജൈത്രയാത്ര തുടരുന്നു.

തുടരും

# ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവ മൂല്യങ്ങൾക്കുള്ള പ്രസക്തി

(നാലാം പേജിൽ നിന്നും തുടർച്ച)

മായ അവസ്ഥയിലേക്ക് ദൈവം നമ്മേ നടത്തും.

***ബി.സ്വന്തപാപങ്ങളെ കുറിച്ചുള്ള നമ്മുടെ മനോഭാവം (മത്തായി 5:4-6)***

**1. ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്ക് ആശ്വാസം ലഭിക്കും** - ഇവിടെ വിവക്ഷിക്കുന്ന ദുഃഖം അനുതാപത്തിന്റെ ദുഃഖമാണ്. നാം സ്വന്ത പാപങ്ങളെ ഓർത്ത് വിലപിച്ച് പാപത്തെ നിന്ദാർഹമായി ഉപേക്ഷിക്കണം. ഹൃദയം നുറുങ്ങി, മനസ്സ് തകർന്ന് അനുതപിക്കുമ്പോൾ കർത്താവ് നമ്മുടെ പാപത്തിന്റെ കുറ്റം ക്ഷമിച്ചു തരുന്നു.

**2. സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ കൈവശമാക്കും.**

സൗമ്യതയ്ക്കുപയോഗിക്കുന്ന ഗ്രീക്ക് പദമായ *പ്രാവോടീസ്* എന്നതിന്റെ അർത്ഥം സഹിഷ്ണുതയെയും പൊതുനന്മയ്ക്കു വേണ്ടി സ്വാർത്ഥത ഉപേക്ഷിക്കുവാനുള്ള മനോഭാവത്തേയും കുറിക്കുന്നു. സൗമ്യതയുടെ വിവിധ ഗുണങ്ങളെ പറ്റി തത്വചിന്തകനായ അരിസ്റ്റോട്ടിൽ വിശദീകരിച്ചിരിക്കുന്നത് ഇപ്രകാരമാണ്. രണ്ട് ആത്യന്തികങ്ങൾക്കിടയിൽ ഏറ്റവും മേൻമ ആയ സ്ഥാനത്തെ സൗമ്യത എന്നു വിളിക്കാം. ഉദാഹരണമായി, ധാരാളിക്കുന്ന ഒരുവൻ, മറുഭാഗത്ത് പിശുക്കനായ മറ്റൊരുവൻ രണ്ടിനും ഇടയിൽ ഔദാര്യമതിയായ ഒരു യഥാർത്ഥ മനുഷ്യൻ. മുൻകോപിക്കും ശാന്തനും ഇടയിൽ സൗമ്യനായ ഒരുവൻ.

**3. നീതിക്കുവേണ്ടി വിശന്നു ദാഹിക്കുന്നവർ; അവർക്കു തൃപ്തിവരും.**

നീതിക്കു വിശന്നു ദാഹിക്കുന്നു എന്നു പറഞ്ഞാൽ മനുഷ്യാവകാശം നിഷേധിക്കപ്പെടുന്നതിലുള്ള നിലവിളിയാണ് ഒരു വശത്ത്. എല്ലാ മനുഷ്യരും തുല്ല്യതയിൽ ജനിച്ചുവളരുന്നു എങ്കിലും അനുഭവത്തിൽ വൈവിദ്ധ്യങ്ങളിലായിരിക്കുന്നു. ഐക്യരാഷ്ട സംഘടനയുടെ ഇന്നത്തെ പ്രഖ്യാപിത തത്വം മനുഷ്യാവകാശം എന്നതാണ്. ഇന്ത്യയിൽ മനുഷ്യാവകാശ കമ്മീഷനുകൾ ഉണ്ട് എന്നാൽ ദൈവാധിപത്യം ഭൂമിയിൽ നടക്കുമ്പോൾ മാത്രമെ യഥാർത്ഥ മനുഷ്യാവകാശം സ്ഥാപിതമാകുകയുള്ളു.

***സി. കർത്താവിനോടുള്ള ബന്ധത്തിൽ നമ്മുടെ മനോഭാവം (മത്തായി 5:7-8)***

**1. കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്കു കരുണ ലഭിക്കും** - ദൈവം കരുണാ സമ്പന്നനാണ്. ദൈവത്തിന്റെ അതേ സ്വഭാവ ശ്രേഷ്ഠതക്ക് കൃപ എന്നും വിശേഷിപ്പിച്ചിട്ടുണ്ട്. ഗ്രീക്ക് പദമായ എല്ലീമോൻ (eleemon) കരുണയുള്ള എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നു. കൃപ എന്നതിന് ഖാറീസ് എന്ന പദം ഉപയോഗിക്കുന്നു. ദൈവത്തിന്റെ വിശേഷ ലക്ഷണങ്ങളിൽ ഒന്നാണ് കരുണയുള്ളവൻ എന്നത്. മനുഷ്യ രക്ഷയുടെ പ്രായോഗിക വശമാണ് രക്ഷ. ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ നാം ഒരോരുത്തരും ദൈവകരുണയ്ക്ക് പാത്രങ്ങളായിത്തീരുന്നു. ദൈവത്തിൽ നിന്ന് കരുണ ലഭിച്ച നാം മറ്റുള്ളവരുമായി ആ കരുണ പങ്കുവയ്ക്കേണ്ട താണ്. പ്രശ്നകലുഷിതമായൊരു ലോകത്തിൽ സമാധാനമുണ്ടാക്കുന്നവരും ദൈവകരുണ, വിശുദ്ധി, സമാധാനം എന്നിവയുടെ പ്രവാഹമായി ദൈവജനം മാറണം.

> ദൈവത്തിൽ നിന്ന് കരുണ ലഭിച്ച നാം മറ്റുള്ളവരുമായി ആ കരുണ പങ്കുവയ്ക്കേണ്ടതാണ്. പ്രശ്നകലുഷിതമായൊരു ലോകത്തിൽ സമാധാനമുണ്ടാക്കുന്നവരും ദൈവകരുണ, വിശുദ്ധി, സമാധാനം എന്നിവയുടെ പ്രവാഹമായി ദൈവജനം മാറണം.

**2. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും**

മൂന്ന് ഗ്രീക്ക് പദങ്ങളിലുടെ ഈ വാക്യത്തിന്റെ ആശയം പ്രകടമാകുന്നു. ഹാഗ്നോസ് (HAGNOS) അശുദ്ധിയിൽ നിന്നുള്ള വേർപാടിനെ കാണിക്കുന്നു. കത്താറോസ് (KATHAROS) എന്നതിന് ചെളി പുരണ്ട തുണി കഴുകി ശുദ്ധിയാക്കുന്നു എന്ന ആശയം വരുന്നു. അക്കെറൊറ്റോസ് (akertos) ശുദ്ധമായ ലായിനി, ഉദാ. പാൽ വെള്ളം ചേർക്കാതെ കലർപ്പില്ലാത്ത രൂപത്തിൽ ഇരിക്കുന്ന അവസ്ഥ. ബൈബിളിൽ വെളിപ്പെട്ടു വന്നിരിക്കുന്ന ദൈവം അതിപരിശുദ്ധനാകുന്നു. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല. ശുദ്ധീകരിക്കുക എന്നതിന് ദൈവത്തിന് വേണ്ടി വേർതിരിച്ചു വെയ്ക്കുക; അശുദ്ധമായതിൽ നിന്നും വേർപാടു പാലിക്കുക, ദൈവപരമാധികാരം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുക എന്ന് അർത്ഥമുണ്ട്. 1കൊരി.7:1 ൽ - ജഡത്തിന്റെയും ആത്മാവിന്റെയും സകല കന്മഷവും നീക്കി നമ്മേത്തന്നെ വെടിപ്പാക്കി, ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചു കൊൾക എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

***ഡി. ലോകത്തോടുള്ള നമ്മുടെ മനോഭാവം (മത്തായി 5:10-16)***

സമർപ്പിക്കപ്പെട്ട ഒരു ക്രിസ്ത്യാനിയാവുക എന്നത് എളുപ്പമല്ല. നമ്മുടെ സമൂഹം ദൈവത്തെയോ ദൈവമക്കളെയോ സ്നേഹിക്കുന്നില്ല. ലോകം പുകഴ്ത്തുന്നത് അഹംഭാവത്തെയാണ്, താഴ്മയെ അല്ല. പാപം ചെയ്തിട്ട് രക്ഷപെടുവാൻ അറിയാമെങ്കിൽ, പാപം ചെയ്യുവാനുള്ള സമ്മതപത്രം നമുക്ക് നൽകുവാൻ ലോകം സദാസന്നദ്ധമാണ്. തന്റെ ശത്രുക്കളെ തന്നോട് നിരപ്പിച്ച് സ്വന്ത മക്കളാക്കുവാൻ ദൈവം ശ്രമിക്കുമ്പോൾ ലോകം ദൈവത്തോട് പോരാടുകയാണ്. ദൈവം ആഗ്രഹിക്കുന്ന വിധം നാം ജീവിക്കുന്നുവെങ്കിൽ ലോകത്തിൽ നിന്ന് പീഡാനുഭവങ്ങളെ നമുക്ക് പ്രതീക്ഷിക്കാം. നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാൻമാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്. എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെ കൊണ്ട് എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്ക് മുമ്പേ ഉണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെ തന്നെ ഉപദ്രവിച്ചുവല്ലോ.

തുടരും

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Cell- 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

## ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവ മൂല്യങ്ങൾക്കുള്ള പ്രസക്തി



ഷിബു തമ്പി
ന്യൂഡൽഹി

2013 ആഗസ്റ്റ് 15 ന് ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയുടെ യുവജന വിഭാഗമായ *ഫെയ്ത്ത് ക്രിസ്ത്യൻ യുത്ത് മൂവ്മെന്റി(എഫ്.സി.വൈ.എം)*ന്റെ നേതൃത്വത്തിൽ നടന്ന സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ പ്രസക്ത ഭാഗം.

*ബി.* ***എന്താണ് ധർമ്മബോധന ശാസ്ത്രം*** *(Deontology -the science of duty and ethics)*

ദൈവം മനുഷ്യന് നൽകിയ പഴയനിയമ പ്രമാണം, കർത്താവിന്റെ ഗിരി പ്രഭാഷണം, അപ്പൊസ്തലന്മാരുടെ ലേഖനങ്ങൾ തുടങ്ങിയ രേഖകളിൽ അടിസ്ഥാനമാക്കി ഒരു ഉത്തമക്രിസ്ത്യാനിയിൽ ഉണ്ടായിരിക്കേണ്ട ധാർമ്മിക മൂല്യങ്ങളെ വിശദീകരിക്കുന്ന ദൈവശാസ്ത്രശാഖയെ ധർമ്മബോധന ശാസ്ത്രം (Deontology -the science of duty and ethics) എന്നു വിളിക്കുന്നു. ധാർമിക പരിപൂർണ്ണതയായ ദൈവത്തെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന വിശ്വാസിക്ക് തികവേറിയ പ്രമാണങ്ങൾ ആവശ്യമാകുന്നു. ഈ പ്രമാണങ്ങൾ ദൈവത്തോടും സ്വന്തവ്യക്തിത്വത്തോടും സഹജീവിയോടും ഉള്ള മനഃസാക്ഷി ബന്ധത്തെ കാണിക്കുന്നു.

ബൈബിളിലുള്ള ദൈവകല്പനകളെ പ്രധാനമായി രണ്ടു വിഭാഗങ്ങളായി തിരിക്കാം. പഴയ നിയമത്തിലുള്ള കല്പനകൾ, പുതിയനിയമത്തിലുള്ള കല്പനകൾ എന്നിങ്ങനെയാണ് ആ വിഭജനം. പഴയനിയമകാലത്ത് പഴയനിയമത്തിലെ കല്പനകൾ ലംഘിക്കുന്നതായിരുന്നു പാപം. പക്ഷേ പെന്തക്കോസ്ത് നാളിൽ ദൈവസഭ സ്ഥാപിക്കപ്പെട്ടതോടെ പഴയനിയമം നിഴലായി മാറിപ്പോകുകയും പുതിയനിയമം നിലവിൽ വരികയും ചെയ്തു. ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ നീതീകരണം പ്രാപിക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നവരോടു പൗലൊസ് പറയുന്നു: "എന്നാൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല എന്ന് അറിഞ്ഞിരിക്കുകകൊണ്ടു നാമും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്നേ നീതീകരിക്കപ്പെടേണ്ടതിനു ക്രിസ്തുയേശുവിൽ വിശ്വസിച്ചു; ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ലല്ലോ.'' ഗലാ. 2:16."എന്നാൽ ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല എന്നതു സ്പഷ്ടം; നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നല്ലോ ഉള്ളത്." ഗലാ.3:11.

> **സമർപ്പിക്കപ്പെട്ട ഒരു ക്രിസ്ത്യാനിയാവുക എന്നത് എളുപ്പമല്ല. നമ്മുടെ സമൂഹം ദൈവത്തെയോ ദൈവമക്കളെയോ സ്നേഹിക്കുന്നില്ല. ലോകം പുകഴ്ത്തുന്നത് അഹംഭാവത്തെയാണ്, താഴ്മയെ അല്ല. പാപം ചെയ്തിട്ട് രക്ഷപെടുവാൻ അറിയാമെങ്കിൽ, പാപം ചെയ്യുവാനുള്ള സമ്മതപത്രം നമുക്ക് നൽകുവാൻ ലോകം സദാസന്നദ്ധമാണ്.**

***1. ഗിരിപ്രഭാഷണത്തിലെ ധന്യമായ ജീവിത ശൈലി.***

തലമുറകളെ സ്വാധീനിച്ചിട്ടുള്ള ഒന്നാണ് യേശുവിന്റെ ഗിരിപ്രഭാഷണം. ക്രൈസ്തവരേയും അക്രൈസ്തവരേയും ഒരുപോലെ എല്ലാക്കാലത്തും സ്വാധീനിച്ചിട്ടുള്ള ഉപദേശങ്ങളാണ് ഗിരിപ്രഭാഷണങ്ങളിലുള്ളത്. ലാറ്റിൻ ഭാഷയിലെ ബിയാറ്റസ് എന്ന പദത്തിൽ നിന്നാണ് ബിയാറ്റിറ്റ്യൂഡ് എന്ന പദമുണ്ടായത്. സ്വർഗ്ഗീയ സന്തോഷം എന്നാണ് ഈ വാക്കിന്റെ അർത്ഥം. നമ്മുടെ ജീവിതത്തിലുണ്ടാകേണ്ട നാലു മനോഭാവത്തെയാണ് ഇവിടെ പ്രധാനമായും വിവരിക്കുന്നത്

**എ. നമ്മെക്കുറിച്ച് നമുക്കുള്ള മനോഭാവം (മത്തായി 5:3)**

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാൻമാർ സ്വർഗ്ഗരാജ്യം അവർക്കുള്ളത്. ആത്മാവിൽ ദരിദ്രൻ എന്നാൽ ആത്മീയ പാപ്പരത്വം എന്നല്ല അർത്ഥം. ദരിദ്രൻ എന്നതിന് ഗ്രീക്കിൽ രണ്ട് പദങ്ങളാണ് ഉപയോഗിക്കുന്നത്. പെനേസ് (pense) എന്നു പറഞ്ഞാൽ സ്വന്തകൈകൊണ്ട് വേല ചെയ്ത് അദ്ധ്വാനിച്ച് ജീവിക്കുന്നവൻ എന്ന് അർത്ഥം. പ്റ്റോക്കോസ് എന്നതിന് ഒന്നുമില്ലാത്തവൻ എന്നർത്ഥം. ആത്മീയ കാര്യങ്ങളിൽ ഒന്നുമില്ല എന്ന് സ്വയം സമ്മതിക്കുന്നവനാണ് ഇവിടത്തെ ദരിദ്രൻ. നാം യാഥാർത്ഥ്യബോധത്തോടെ നമ്മേ തന്നെ തിരിച്ചറിഞ്ഞ് ദൈവനാമ മഹത്വത്തിനായി ദൈവീക പ്രവൃത്തിക്കായി ഏൽപ്പിച്ചുകൊടുക്കുമ്പോൾ ദൈവരാജ്യത്തിലെ ഭാഗ്യകര

(ശേഷം മൂന്നാം പേജിൽ)




കോപ്പികൾക്ക് ബന്ധപ്പെടുക: **Pr. M. Samuelkutty, Flat no 101, Block -A, 96/E, Ward No: 2, Mehrauli, New Delhi-110 030**

ഉറവ

## ദേശീയ പ്രതിജ്ഞയുടെ രചയിതാവ്



ഇവാ. ജോൺ സാമുവൽ
മണക്കാല

ജനഗണമന... എന്നു തുടങ്ങുന്ന നമ്മുടെ ദേശീയഗാനത്തിന്റെ എഴുത്തുകാരൻ മഹാകവി രവീന്ദ്രനാഥ ടാഗോറാണെന്ന് ഇന്ത്യയിലെ ഏതൊരു വ്യക്തിക്കും അറിയാം. പക്ഷെ അതോടൊപ്പം ചൊല്ലുന്ന ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരിസഹോദരന്മാരാണ്. ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. സമ്പൂർണ്ണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ... എന്നു തുടങ്ങുന്ന ദേശീയ പ്രതിജ്ഞയുടെ കർത്താവിനെ കുട്ടികൾക്കുമാത്രമല്ല, നമ്മുടെ പല അധ്യാപകർക്കും വേണ്ടവിധം അറിയില്ല. ചരിത്രത്താളുകളിൽ അദ്ദേഹത്തെ കുറിച്ച് യഥോചിതം രേഖപ്പെടുത്താൻ മറന്നുപോയതുപോലെ...

ചെറുപ്പം മുതൽ ഞാനും, ഞാനെന്നപോലെ നിങ്ങളും ഒരു നൂറുനൂറു പ്രാവശ്യം വലതുകൈ നെഞ്ചൊപ്പം ഉയർത്തി ചേർത്തുപിടിച്ചു ഏറ്റുചൊല്ലിയ പ്രതിജ്ഞയുടെ ഉറവിടം യഥാർത്ഥത്തിൽ എനിക്കും അന്യമായിരുന്നു. ഈ പ്രതിജ്ഞാവാചകങ്ങൾ കേൾക്കുമ്പോഴും ഉരുവിടുമ്പോഴും അറിഞ്ഞോ അറിയാതെയോ എന്റെ ബാല്യകാലത്തിലേക്കും ഞാൻ പഠിച്ച സ്കൂൾ മുറ്റങ്ങളിലേക്കും മനസ്സുകൊണ്ട് തിരികെ പോകാറുണ്ട്. ആ കാലം ഓർക്കുമ്പോൾ ഒരിക്കൽകൂടി ഒരു കുട്ടിയായി സ്കൂൾ മുറ്റങ്ങളിലേക്കും ആ പഴയ ക്ലാസ്സ് മുറികളിലേക്കും പോയിരിക്കാൻ ഒരാഗ്രഹം. ഓരോ കാലവും നമുക്ക് ഈ ജന്മത്തിൽ ഒരിക്കലല്ലേ ലഭിക്കൂ. അത് പ്രയോജനപ്പെടുത്തുക.

പ്രമുഖ മലയാള ദിനപത്രം മാതൃഭൂമിയുടെ വാരാന്ത്യ പതിപ്പ് അപ്രതീക്ഷിതമായാണ് എന്റെ കണ്ണിൽപെട്ടത്. താളുകൾ മറിച്ചു നോക്കുന്നതിനിടയിലാണ് ഈ അറിവ് എനിക്ക് ലഭിച്ചത്.

1962-ൽ ഇന്ത്യ-ചൈനയുദ്ധം നടക്കുന്ന സമയം. ആന്ധ്രാ പ്രദേശിലെ നൽഗൊണ്ട ജില്ലയിലെ അന്നപർത്തിയിൽ താമസിച്ചിരുന്ന പൈദിമാരി വെങ്കിട്ട സുബ്ബറാവു എന്ന ഭാഷാ പണ്ഡിതൻ ആണ് ഈ പ്രതിജ്ഞ എഴുതിയത്. അതൊരു സെപ്തംബർ മാസത്തിലായിരുന്നു. യുദ്ധത്തിനിടെ ഇന്ത്യയുടെ മനസ്സും ശരീരവും ഏകാഗ്രമാക്കണമെന്നു തോന്നിയ സുബ്ബറാവു തെലുങ്കിലാണ് ഈ വാചകങ്ങൾ എഴുതിയത്. അന്ന് താൻ വെറുതെ കുറിച്ചിട്ട ആ വാചകങ്ങൾ തന്റെ സുഹൃത്തും സന്തതസഹചാരിയുമായിരുന്ന കോൺഗ്രസ് നേതാവ് തെന്നതി വിശ്വനാഥത്തെ കാണിച്ചു. അദ്ദേഹം ഒന്നും പറയാതെ ആ കുറിപ്പ് വിദ്യാഭ്യാസ മന്ത്രിയായ പി.വി.ജി. രാജുവിന് നൽകി. ഇന്ത്യയിലെ ജനലക്ഷങ്ങൾ പതിറ്റാണ്ടുകളായി ഏറ്റുചൊല്ലുന്ന പ്രതിജ്ഞയുടെ പ്രയാണം അവിടെ തുടങ്ങുന്നു.

1964-ൽ ബാംഗ്ലൂരിൽ ചേർന്ന കേന്ദ്രവിദ്യാഭ്യാസ ഉപദേശക സമതി യോഗത്തിൽ ചെയർമാൻ എം.സി. ഛഗ്ല ഈ പ്രതിജ്ഞ അവതരിപ്പിച്ചു. നിറയെ ദേശസ്നേഹം തുളുമ്പുന്ന ഈ വാചകങ്ങൾ ഇന്ത്യയിലെ എല്ലാ സ്കൂൾ കുട്ടികളും പഠിക്കണമെന്നും ആഴ്ചയിലൊരിക്കൽ ചൊല്ലണമെന്നും നിർദ്ദേശിച്ചു. വിവിധ പ്രാദേശിക ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ട ഈ പ്രതിജ്ഞ അന്നുതൊട്ട് പാഠപുസ്തകത്തിന്റെ ആദ്യതാളിൽ അച്ചടി മഷി പുരണ്ടു കിടക്കുന്നു.

1965 ജനുവരി 26ന് ആണ് സുബ്ബറാവുവിന്റെ അക്ഷരങ്ങൾ ദേശീയ പ്രതിജ്ഞയായി പ്രഖ്യാപിക്കുന്നത്. വിശാഖപട്ടണത്തെ അന്നപൂർണ മുനിസിപ്പൽ കോർപ്പറേഷൻ ഹൈസ്ക്കൂളിൽ ആണ് ഇന്ത്യയിലാദ്യമായി ഈ പ്രതിജ്ഞ ചൊല്ലിയത്.

പക്ഷെ, ഇതൊന്നും സുബ്ബറാവു അറിഞ്ഞതേയില്ല. പേരക്കുട്ടിയെ സ്കൂളിൽ കൊണ്ടുവിടാൻ പോയപ്പോൾ താൻ എഴുതിയ വാചകങ്ങൾ അസംബ്ലിയിൽ ചൊല്ലുന്നത് താൻ കേട്ടു. നൂറുകണക്കിന് കുഞ്ഞുങ്ങൾ അതേറ്റു പറയുന്നത് ആഹ്ലാദത്തോടെ കണ്ടു. ആ ആഹ്ലാദത്തെ പക്വതകൊണ്ടും ദേശസ്നേഹം കൊണ്ടും പൊതിഞ്ഞൊളിപ്പിച്ച് സുബ്ബറാവു തന്റെ കർത്തവ്യത്തിൽ മുഴുകി ജീവിതം തുടർന്നു. 1988-ൽ സുബ്ബറാവു മരിച്ച്. കുടുംബം ഇപ്പോൾ വിശാഖപട്ടണത്തിലാണ്. സുബ്ബറാവുവിന്റെ മരണത്തിന് ഒരു വർഷം മുമ്പാണ് മകൻ പി.വി. സുബ്രഹ്മണ്യം പോലും അറിഞ്ഞത് ദേശീയ പ്രതിജ്ഞ എഴുതിയത് തന്റെ സ്വന്തം പിതാവായിരുന്നുവെന്ന്.

രാജ്യം തലമുറകളായി ഉരുവിട്ട ഈ പ്രതിജ്ഞാവാചകം എഴുതിയതാര് എന്ന് ഇപ്പോൾ വ്യക്തമായല്ലോ. ഇന്ത്യയിലെ ലക്ഷക്കണക്കിന് ജനങ്ങൾ അത് ഉരുവിട്ടുവെങ്കിലും ആ പ്രതിജ്ഞ കാത്തു സൂക്ഷിക്കുന്നത് ദൈവമക്കളായ നമ്മളാണ് എന്നത് തർക്കമറ്റ സംഗതിയാണ്. ഭരണതലവന്മാർക്കുവേണ്ടി, ഒരോ സംസ്ഥാനങ്ങൾക്കുവേണ്ടി, ജനങ്ങൾക്കുവേണ്ടി, അവരുടെ ക്ഷേമഐശ്വര്യങ്ങൾക്കുവേണ്ടി, സമാധാനത്തിനും സന്തുഷ്ടിക്കും വേണ്ടി പ്രാർത്ഥിക്കുന്ന നമുക്ക് ആ പ്രതിജ്ഞ ഒന്നു കൂടെ ഉരുവിടാം. ഇന്ത്യ എന്റെ രാജ്യമാണ്.....

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*